**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2439** **17-03-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **null<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി വഴി നടപ്പിലാക്കുന്ന തീരദേശ ഹൈവേ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | തീരദേശ ഹൈവേയുടെ 18.8 കിലോമീറ്റർ റോഡിന്റെ നിർമ്മാണം നടന്നു വരുന്നു, കൂടാതെ 19.1 കിലോമീറ്റർ റോഡിനു സാമ്പത്തികാനുമതി നൽകുകയും, ഭൂമിയേറ്റെടുക്കുന്നതിനായി 35.8 കിലോമീറ്ററിന് സാമ്പത്തികാനുമതി നൽകുകയും ചെയ്തു. ബാക്കിയുള്ള തീരദേശ ഹൈവേയുടെ വിശദ പഠന റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തികൾ നിർവഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന്റെ (KRFB) നേതൃത്വത്തിൽ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ അലൈൻമെന്റിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ; | (ബി) | തീരദേശ ഹൈവേയുടെ അലൈൻമെന്റ് G.O.(Rt):No:679/2017/PWD തീയതി 21.05.2017 പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. |
| (സി) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ തീരദേശ ഹൈവേ കടന്നു പോകുന്ന പ്രദേശങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (സി) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ തീരദേശ ഹൈവേയുടെ അലൈൻമെന്റ് ഫോർട്ട് വൈപ്പിൻ - പുതുവൈപ്പ്ബീച്ച് – മത്സ്യഫെഡ് ടൂറിസ്റ്റ ഓഫീസ് - കടപ്പുറം - അണിയാൽ ബീച്ച് – കുഴുപ്പിള്ളി ബീച്ച് - ചെറായിബീച്ച് – മുനമ്പം എന്നീ സ്ഥലങ്ങളിലൂടെ കടന്നു പോകുന്നു. |
| (ഡി) | മണ്ഡലത്തിൽ തീരദേശ ഹൈവേയ്ക്കായി സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | വൈപ്പിൻ മണ്ഡലത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിന്റെ പ്രാരംഭ നടപടിയായ ലാൻഡ് അക്വസിഷൻ മാപ് തയ്യാറാക്കുന്ന നടപടികൾ നിർവഹണ ഏജൻസി മുഖാന്തരം നടന്നു വരുന്നു. വൈപ്പിൻ മണ്ഡലത്തിൽ ഏകദേശം 13.52 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. |

സെക്ഷൻ ഓഫീസർ